# മക്തബ്

11
ബുധൻ
2017 ജനുവരി
1192 ധനു 27

www.makthabdaily.com

തളിപ്പറമ്പ | പുസ്തകം 10 ലക്കം 77 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2015-17 Ph: 0460- 2208010 | പേജ് 4 വില: 4.00 രൂപ



റബ്ബർ കർഷകർക്ക് ശരിയായ വില ലഭിക്കുവാൻ
ഷീറ്റ് DRD പുകപ്പുരയിൽ ഉണക്കിയെടുക്കൂ



48 മണിക്കൂർ കൊണ്ട് RSS.4 ഗ്രേഡ് ഷീറ്റ് ലഭിക്കുന്നു.
1 മണിക്കൂർ കൊണ്ട് ഫിറ്റിംഗ് നടക്കുന്നു.
10 വർഷം വരെ ഈട് നിൽക്കും.

Contact
9447 651 752
9446 467 028
0460 2246711

DENZ റബ്ബർ പുകപ്പുരകൾ
G.I. Sheet & Non Asbestos Body


# കണ്ണപ്പിലാവിൽ ബി.ജെ.പി പ്രവർത്തകന്റെ വീടാക്രമിച്ചു

## • ടിപ്പറിന്റെ ഗ്ലാസ് തകർത്തു

തളിപ്പറമ്പ: കോൾമൊട്ടക്കടുത്ത കണ്ണപ്പിലാവിൽ ബി.ജെ.പി അനുഭാവിയുടെ വീടിന് നേരെ അക്രമം. വീടിന് മുന്നിൽ നിർത്തിയിട്ട ടിപ്പർ ലോറിയുടെ ഗ്ലാസ് തകർക്കുകയും ചെയ്തു.

കണ്ണപ്പിലാവ് പശകമ്പനിക്ക് സമീപത്തെ തൈക്കണ്ടി സതീഷിന്റെ വീടിന് നേരെയായിരുന്നു അക്രമം. ഇന്നു പുലർച്ചെ 12.40 ഓടെയാണ് സംഭവം. വീടിന്റെ അഞ്ച് ജനൽഗ്ലാസുകൾ അടിച്ചു തകർത്തു. ടിപ്പർ ലോറി ഡ്രൈവറായ സതീഷ് വീടിന്റെ മുന്നിൽ നിർത്തിയിട്ട കെ.എൽ 59 ബി 4672 ടിപ്പർ ലോറിയുടെ മുൻവശത്തെ ഗ്ലാസ് തകർത്തു. ഓട് ഉപയോഗിച്ചാണ് ലോറിയുടെ ഗ്ലാസിന് ഇടിച്ചത്. ഈ ഓട് ലോറിക്ക് മുകളിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി.

സംഭവം നടക്കുമ്പോൾ സതീഷും അമ്മയും ഭാര്യയും വീട്ടിലുണ്ടായിരുന്നു. ശബ്ദം കേട്ട് ഇവർ ഉണർന്നപ്പോഴേക്കും അക്രമികൾ ഓടിരക്ഷപ്പെട്ടു.




*അക്രമികൾ തകർത്ത ടിപ്പർലോറി*

സി.പി.എമ്മുകാരാണ് അക്രമത്തിന് പിറകിലെന്ന് ബി.ജെ.പി തളിപ്പറമ്പ നിയോജക മണ്ഡലം സെക്രട്ടറി കെ.രവീന്ദ്രൻ ആരോപിച്ചു. ആന്തൂർ ഭാഗങ്ങളിൽ കോൺഗ്രസുകാരുടെ വീടുകളും വാഹനങ്ങളും സി.പി.ഐ ഓഫീസും നിരന്തരമായി ബി.ജെ.പിക്കാരുടെ വീടുകളും അക്രമിക്കപ്പെട്ടപ്പോൾ ആവർത്തിച്ച 'സാമൂഹ്യവിരുദ്ധ' പല്ലവിയാണ് ഇക്കാര്യത്തിലും സി.പി.എം ആവർത്തിക്കുന്നതെന്നും ഈ സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ബി.ജെ.പി നേതാക്കളായ എം.രാഘവൻ, പി.ഗംഗാധരൻ എന്നിവർ സതീഷിന്റെ വീട് സന്ദർശിച്ചു.



*വീടിന്റെ ജനൽചില്ലുകൾ തകർത്തിരിക്കുന്നു*

## അക്രമത്തിന് പിറകിൽ സാമൂഹ്യവിരുദ്ധരെന്ന് സി.പി.എം

തളിപ്പറമ്പ: കണ്ണപ്പിലാവിൽ തൈക്കണ്ടി സതീഷിന്റെ വീടാക്രമിച്ചതിന് പിറകിൽ പ്രദേശത്ത് സംഘർഷം വിതക്കാനുള്ള സാമൂഹ്യവിരുദ്ധരാണെന്ന് സി.പി.എം ഏരിയാ സെക്രട്ടറി പി. മുകുനന്ദൻ ആരോപിച്ചു. മുകുന്ദനും കെ. സന്തോഷും സതീഷിന്റെ വീട് സന്ദർശിച്ചു.

# കോട്ടുമല ബാപ്പു മുസ്ലിയാർക്ക് വൻ ജനാവലിയുടെ സാന്നിധ്യത്തിൽ വിട



കോഴിക്കോട്: ഇസ്ലാമിക പണ്ഡിത ലോകത്ത് സൂര്യതേജസായി വിളങ്ങിയ കോട്ടുമല ടി.എം. ബാപ്പുമുസ്ല്യാർ (65) ക്ക് വൻ ജനാവലിയുടെ സാന്നിധ്യത്തിൽ നാട് വിടയേകി. കാളമ്പാടി ജുമാമസ്ജിദ് ഖബർസ്ഥാനിൽ ഇന്ന് രാവിലെ 10.30ന് നടന്ന കബറടക്കത്തിന് സാക്ഷികളാകാൻ ജനം ഒഴുകി എത്തുകയായിരുന്നു.

കേരള ഹജ്ജ് കമ്മിറ്റി ചെയർമാനും സമസ്ത കേരള ഇസ്ലാംമത വിദ്യാഭ്യാസ ബോർഡ് ജനറൽ സെക്രട്ടറിയുമായ ബാപ്പുമുസ്ല്യാറുടെ മരണവാർത്ത അറിഞ്ഞ ഇന്നലെ ഉച്ച മുതൽ കാളമ്പാടിയിലേക്ക് ജനപ്രവാഹമായിരുന്നു. ശിഷ്യരും സംഘടനാ പ്രവർത്തകരും അനുയായികളും രാഷ്ട്രീയ- സാമൂഹ്യ- ആത്മീയ മണ്ഡലങ്ങളിൽപ്പെട്ടവരും ഒക്കെ അക്കൂട്ടത്തിലുണ്ടായിരുന്നു.

40 തവണയാണ് ബാപ്പുമുസ്ല്യാർക്കുവേണ്ടി മയ്യിത്ത് നിസ്കരിച്ചത്. ഏറ്റവും ഒടുവിൽ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിലാണ് മയ്യിത്ത് നിസ്കാരം നടന്നത്. പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെയാണ് കബറടക്കം നടന്നത്. സമസ്ത നേതാക്കൾക്ക് പുറമെ പി.കെ. കുഞ്ഞാലിക്കുട്ടി, ഇ.ടി. മുഹമ്മദ് ബഷീർ, ബി.ജെ.പി നേതാവ് കെ. സുരേന്ദ്രൻ തുടങ്ങിയ നിരവധി പ്രമുഖർ അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയിരുന്നു.

# നോട്ട് നിരോധനം: കോൺഗ്രസ് പ്രതിഷേധ സമ്മേളനത്തിൽ നിന്ന് ഉമ്മൻചാണ്ടി വിട്ടുനിന്നു

ഡൽഹി: നോട്ട് നിരോധനത്തിന് എതിരേ അഖിലേന്ത്യ തലത്തിൽ കോൺഗ്രസ് സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനത്തിൽ നിന്ന് കേരളത്തിലെ മുതിർന്ന നേതാവ് ഉമ്മൻചാണ്ടി വിട്ടുനിന്നു. ഇന്ന് രാവിലെ 11 മണിയോടെയാണ് 'ജൻവേദന സമ്മേളൻ' എന്നുപേരിട്ട പരിപാടി ഡൽഹിയിൽ തുടങ്ങിയത്. കോൺഗ്രസ് ഉപാധ്യക്ഷൻ രാഹുൽഗാന്ധിയാണ് സമ്മേളനത്തിന് നേതൃത്വം നൽകുന്നത്. ആരോഗ്യപരമായ കാരണങ്ങളാൽ കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി സമ്മേളനത്തിൽ പങ്കെടുക്കുന്നില്ല. മുൻ പ്രധാനമന്ത്രി മൻമോഹൻസിങ്ങ് ഉൾപ്പെടെ 5000ത്തോളം പേർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. എന്നാൽ കേരള മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സമ്മേളനത്തിന് എത്തിയില്ല. എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മുതിർന്ന നേതാക്കൾ പങ്കെടുക്കുന്ന സമ്മേളനത്തിൽ നിന്ന് ഉമ്മൻചാണ്ടി വിട്ടുനിൽക്കുന്നത് ഡി.സി.സി പുനസംഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങളാണത്രെ. പുനസംഘടനയിൽ തന്റെ നിർദേശങ്ങൾ കോൺഗ്രസ് നേതൃത്വം അവഗണിച്ചതിൽ കടുത്ത പ്രതിഷേധത്തിലാണ് ഉമ്മൻചാണ്ടി. അതു തന്നെയാണ് വിട്ടുനിൽക്കലിന് കാരണമത്രെ.

## സഹാറ കോഴക്കേസ്

# പരിഗണിക്കുന്നതിൽ നിന്ന് ചീഫ് ജസ്റ്റിസ് പിന്മാറി

ഡൽഹി: സഹാറ- ബിർള കോഴക്കേസ് പരിഗണിക്കുന്നതിൽ നിന്ന് ചീഫ് ജസ്റ്റിസ് ജെ.എസ്. ഖേഹർ നാടകീയമായി പിൻമാറി. ഇന്ന് രാവിലെ സുപ്രീംകോടതി കേസ് പരിഗണിക്കാൻ ഇരിക്കെയാണ് ചീഫ് ജസ്റ്റിസിന്റെ അപ്രതീക്ഷിത പിൻമാറ്റം. ജസ്റ്റിസ് അമിതാവാറോയ് ഉൾപ്പെട്ട പുതിയ ബെഞ്ച് കേസ് ഇനി പരിഗണിക്കും.

പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാക്കൾക്ക് വൻ തുക കോഴ നൽകിയെന്ന ആരോപണമാണ് കേസിന്റെ അടിസ്ഥാനം. മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ 25 കോടി രൂപ നൽകിയെന്നായിരുന്നു ആരോപണം. പൗരാവകാശ സംഘടനയായ കോമൺ കോസ് ആണ് കോടതിയെ സമീപിച്ചത്. സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം ആവശ്യപ്പെട്ടാണ് ഹർജി നൽകിയത്. സഹാറ- ആദിത്യ ബിർള കമ്പിനികളുടെ ഓഫീസുകളിൽ ആദായ നികുതി വകുപ്പ് നടത്തിയ റെയ്ഡിൽ നിരവധി രേഖകൾ പിടിച്ചെടുത്തിരുന്നു. ഈ രേഖകളിലാണ് രാഷ്ട്രീയ നേതാക്കൾക്ക് കോഴ നൽകിയതിന്റെ സൂചനയുണ്ടായിരുന്നത്. ഈ രേഖകൾ ഉയർത്തിക്കാട്ടി ആംആദ്മി പാർട്ടിയും മറ്റും പ്രധാനമന്ത്രിയെ രൂക്ഷമായി വിമർശിച്ചിരുന്നു.

കഴിഞ്ഞതവണ കേസ് പരിഗണനയ്ക്ക് വന്നപ്പോൾ പ്രധാനമന്ത്രി പോലുള്ള ഒരു വ്യക്തിക്കെതിരെ വ്യക്തമായ തെളിവില്ലാതെ ആരോപണം ഉന്നയിക്കുന്നത് ശരിയാണോയെന്ന് ചീഫ് ജസ്റ്റിസ് ചോദിച്ചിരുന്നു. ഇതേ തുടർന്ന് മനുഷ്യാവകാശ പ്രവർത്തകൻ കൂടിയായ പ്രമുഖ അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ ചീഫ് ജസ്റ്റിസിന്റെ നടപടിയെ രൂക്ഷമായി വിമർശിച്ചിരുന്നു.

## മുൻ ഡി.വൈ.എഫ്.ഐ നേതാക്കൾ സി.പി.ഐയിലേക്ക്

കോഴിക്കോട്: 2006ൽ വി.എസ്.അച്യുതാനന്ദന് സീറ്റ് നിഷേധിച്ചതിനെതിരെ പ്രതികകരിച്ചതിന്റെ പേരിൽ പുറത്തുപോയ ഡി.വൈ.എഫ്.ഐ -എസ്.എഫ്.ഐ നേതാക്കൾ ഉൾപ്പെടെ 15 ഓളം പേർ സി.പി.ഐയിൽ ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചു. ഡി.വൈ.എഫ്.ഐ ചെലവൂർ മേഖല മുൻ സെക്രട്ടറി ബൈജു മേരിക്കുന്ന്, മേഖല കമ്മിറ്റിയംഗം എ.കെ.അനീഷ്, എസ്.എഫ്.ഐ മുൻ ജില്ലാ കമ്മിറ്റിയംഗം സുജിത്ത് എന്നിവരുടെ നേതൃത്വത്തിലാണ് സി.പി.ഐയിൽ ചേരാൻ തീരുമാനിച്ചത്. സി.പി.എമ്മിൽ നിന്ന് പുറത്തുപോയ ശേഷം വെള്ളിമാട് കേന്ദ്രീകരിച്ച് റെഡ് യംഗ്സ് ക്ലബ് രൂപീകരിച്ച് പ്രവർത്തിച്ചുവരികയായിരുന്നു ഇവർ.

## ആദിവാസി കോളനിയിൽ നാടൻ തോക്ക് സഹിതം യുവാവ് അറസ്റ്റിൽ

പേരാവൂർ: നാടൻ തോക്ക് സഹിതം ആദിവാസി കോളനിയിൽ നിന്ന് യുവാവിനെ അറസ്റ്റ് ചെയ്തു. വേക്കളം ചേക്കേരി കോളനിയിൽ നിന്ന് തെനിയാടൻ ജയനെ(41)യാണ് നാടൻ തോക്ക് സഹിതം പേരാവൂർ പോലീസ് അറസ്റ്റ് ചെയ്തത്. നായാട്ടിന് ഉപയോഗിക്കുന്നതാണ് തോക്ക് എന്നാണ് സൂചന. രഹസ്യ വിവരത്തെ തുടർന്ന് പോലീസ് വീട്ടിലെത്തിയപ്പോൾ ജയൻ തോക്കുമായി ഓടിരക്ഷപ്പെടാൻ ശ്രമിച്ചു. പോലീസ് പിന്തുടർന്ന് പിടികൂടുകയായിരുന്നു.



*അക്രമം നടന്ന വീട് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി സന്ദർശിക്കുന്നു*

## മുഴപ്പിലങ്ങാട് കോൺഗ്രസ് നേതാവിന്റെ വീടിന് നേരെ അക്രമം

മുഴപ്പിലങ്ങാട്: കോൺഗ്രസ് മുഴപ്പിലങ്ങാട് മണ്ഡലം സെക്രട്ടറി കെ.കെ. റിജേഷിന്റെ വീടിന് നേരെ അക്രമം. ഇന്ന് പുലർച്ചെ ഒരു മണിയോടെയാണ് മലക്ക് താഴെയുള്ള വീടിന് നേരെ അക്രമം നടന്നത്. വീടിന്റെ ജനൽ ചില്ലുകൾ പൂർണ്ണമായും തകർത്തു. ബി.ജെ.പിക്കാരാണ് അക്രമത്തിന് പിറകിലെന്നാണ് പരാതി. ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി സംഭവസ്ഥലം സന്ദർശിച്ചു. അക്രമികളെ ഉടൻ പിടികൂടണമെന്ന് ആദേഹം ആവശ്യപ്പെട്ടു.

# കാണാതായ വിദ്യാർത്ഥിനിയെ കണ്ടെത്താൻ ക്വട്ടേഷൻ സ്വീകരിച്ചവർക്കെതിരെ കേസ്

കാസർക്കോട്: കാണാതായ പത്താം ക്ലാസ് വിദ്യാർത്ഥിനിയെ കണ്ടെത്താൻ എന്ന പേരിൽ ക്വട്ടേഷൻ സ്വീകരിച്ച് 10,000 രൂപ തട്ടിയെടുത്ത മൂന്നംഗ സംഘത്തിനെതിരെ കേസെടുത്തു. പാണത്തൂരിലെ മുഹമ്മദ് സലാം ഉൾപ്പെടെ മൂന്നുപേർക്കെതിരെയാണ് കേസ്.

കഴിഞ്ഞ ഡിസംബർ ഒമ്പതിന് പെരിയ എയ്ഡഡ് സ്കൂളിലെ പത്താംതരം വിദ്യാർത്ഥിനി ഫാത്തിമ മുബഷീറി(15)നെ കാണാതായിരുന്നു. ഇതുസംബന്ധിച്ച് രക്ഷിതാക്കൾ പോലീസിൽ പരാതി നൽകിയിരുന്നു. അതിനിടെ പ്ലസ്ടു വിദ്യാർത്ഥിയായ പുല്ലൂരിലെ മുഹമ്മദ് സയാസിനെയും കാണാതായിരുന്നു. ഇതുസംബന്ധിച്ചും പോലീസ് അന്വേഷണം നടത്തിവരികയായിരുന്നു. പെൺകുട്ടിയെ കാണാതായത് സംബന്ധിച്ച് ഹൈക്കോടതിയിൽ ഹേബിയസ് കോർപ്പസ് ഹർജി നൽകിയിരുന്നു. ഈ ഹർജിയിൽ പെൺകുട്ടിയെ കണ്ടെത്തി ഇന്നലെയോടെ കണ്ടെത്തി ഹാജരാക്കണമെന്ന് കോടതി ഉത്തരവിട്ടിരുന്നു. എന്നാൽ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. കൂടുതൽ സമയം ആവശ്യപ്പെട്ട് പോലീസ് കോടതിയിൽ ഹർജിയും നൽകിയിരുന്നു. പെൺകുട്ടി തിരുവനന്തപുരം ബീമാപ്പള്ളിക്ക് സമീപമുണ്ടെന്ന സൂചനയെ തുടർന്ന് പോലീസ് അങ്ങോട്ട് പോയിട്ടുണ്ട്. അതിനിടയിലാണ് പാണത്തൂരിലെ മുഹമ്മദ്സലാം പെൺകുട്ടിയുടെ രക്ഷിതാക്കളെ സമീപിച്ച് ഒരു ലക്ഷം രൂപ നൽകിയാൽ പെൺകുട്ടിയെ കണ്ടെത്തി കൊടുക്കാമെന്ന് പറഞ്ഞു. അഡ്വാൻസായി 10,000 രൂപയും കൈപ്പറ്റി. എന്നാൽ പിന്നീട് ഇവരെക്കുറിച്ച് ഒരു വിവരവുമുണ്ടായില്ല. ഇതേ തുടർന്നാണ് പോലീസിൽ പരാതി നൽകിയത്.

## സബ്ജയിൽ സൂപ്രണ്ടിന് ബസ് യാത്രക്കിടെ മർദനം

കണ്ണൂർ: ബസ് യാത്രക്കിടെ ജയിൽ സൂപ്രണ്ടിനെ മർദിച്ചതായി പരാതി. കണ്ണൂർ സബ്ജയിൽ സൂപ്രണ്ട് കെ.വി.രവീന്ദ്രൻ ജില്ലാശുപത്രിയിൽ ചികിത്സ തേടി. നാറാത്ത് സ്വദേശി 'ജയശ്രീ സദന'ത്തിൽ കെ.ജനിൽ (22) മർദിച്ചുവെന്നാണ് പരാതി. ഇന്നലെ രാത്രി 10 മണിയോടെ ജോലി കഴിഞ്ഞ് കെ.എൽ 13 ആർ 3067 നമ്പർ ബസിൽ വീട്ടിലേക്ക് പോകവെയാണ് ജനിൽ മർദിച്ചത്. മുൻ വൈരാഗ്യത്തെ തുടർന്നാണത്രെ മർദനം. ടൗൺ പോലീസിൽ പരാതി നൽകി.

## യുവാവിനെ നാട്ടുകാരും അധ്യാപകരും ചേർന്ന് പിടികൂടി

# മതിൽ ചാടിയെത്തിയ യുവാവ് വിദ്യാർത്ഥിനിയെ സ്കൂൾ ശുചിമുറിയിലിട്ട് പീഡിപ്പിക്കാൻ ശ്രമിച്ചു

കാസർക്കോട്: സ്കൂളിന്റെ മതിൽ ചാടിയെത്തിയ യുവാവ് വായപൊത്തിപ്പിടിച്ച് ശുചിമുറിയിലിട്ട് വിദ്യാർത്ഥിനിയെ പീഡിപ്പിക്കാൻ ശ്രമിച്ചു. യുവാവിനെ നാട്ടുകാരും അധ്യാപകരും ചേർന്ന് പിടികൂടി പോലീസിൽ ഏൽപ്പിച്ചു. ബദിയടുക്ക മീത്തലിലെ സിദിഖ് (32) ആണ് പിടിയിലായത്.

ബദിയടുക്കയിലെ ഒരു യു.പി സ്കൂളിൽ ഇന്നലെ വൈകുന്നേരം 4.45ഓടെയാണ് സംഭവം. കാസർക്കോട്ടെ ഒരു വിദ്യാലയത്തിൽ പ്ലസ്ടുവിന് പഠിക്കുന്ന വിദ്യാർത്ഥിനിയാണ് പീഡനശ്രമത്തിന് ഇരയായത്. ഈ വിദ്യാർത്ഥിനിയുടെ പിതാവ് യു.പി സകൂളിൽ അധ്യാപകനാണ്. വിദ്യാർത്ഥിനി എല്ലാ ദിവസവും വൈകുന്നേരം ക്ലാസ് കഴിഞ്ഞ ശേഷം യു.പി സ്കൂളിൽ എത്തി പിതാവിനൊപ്പം ബൈക്കിലാണ് വീട്ടിലേക്ക് പോകാറുള്ളത്. ഇന്നലെയും വിദ്യാർത്ഥിനി പതിവുപോലെ സ്കൂളിൽ എത്തിയപ്പോൾ സ്റ്റാഫ് മീറ്റിംഗ് നടക്കുകയായിരുന്നു. അതിനാൽ വിദ്യാർത്ഥിനി സ്കൂൾ വരാന്തയിലാണ് നിന്നത്. മറ്റാരും അവിടെയുണ്ടായിരുന്നില്ല. ഈ സമയമാണ് യുവാവ് മതിൽ ചാടിയെത്തി പിറകിലൂടെ വിദ്യാർത്ഥിനിയുടെ വായപൊത്തിപ്പിടിച്ച് ശുചിമുറിയിലേക്ക് ബലംപ്രയോഗിച്ച് കൊണ്ടുപോയത്. പെൺകുട്ടി ബഹളം വെച്ചതോടെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുക്കുകയായിരുന്നവരും സമീപവാസികളും ഓടിയെത്തി. എന്നാൽ ശുചിമുറിയുടെ വാതിൽ അകത്ത് നിന്ന് കുറ്റിയിട്ട നിലയിലായിരുന്നു. വാതിൽ ചവിട്ടി പൊളിച്ചതോടെ ഓടി രക്ഷപ്പെടാൻ ശ്രമിച്ച യുവാവിനെ നാട്ടുകാർ പിടികൂടി ബദിയടുക്ക പോലീസിൽ ഏൽപ്പിക്കുകയായിരുന്നു.

നാല് ദിവസം മുമ്പ് അവധിക്ക് ഗൾഫിൽ നിന്ന് നാട്ടിൽ എത്തിയതാണ് ഇയാൾ. ഭാര്യയും ഒരു വയസുള്ള കുട്ടിയുമുണ്ട് സിദിഖിന്.


# ശംസുൽ ഉലമ സ്വപ്ന ദർശനം നൽകിയ പെരുവണയിൽ ഇന്ന് ആണ്ട് നേർച്ചയും കോട്ടുമല ബാപ്പു മുസ്ല്യാർ അനുസ്മരണവും



ഇ.കെ.അബൂബക്കർ മുസ്ല്യാർ

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് പഞ്ചായത്തിലെ പെരുവണ ദേശം ശംസുൽ ഉലമയുടെ അനുഗ്രഹത്താൽ പൂത്തുലഞ്ഞ പ്രദേശം. ശംസുൽ ഉലമ സ്വപ്ന ദർശനം നൽകി അനുഗ്രഹിച്ച പ്രദേശമായതിനാലാണ് ശംസുൽ ഉലമയുടെ അനുഗ്രഹത്താൽ പൂത്തുലഞ്ഞ പ്രദേശമെന്ന മഹിമ പെരുവണക്ക് നേടിക്കൊടുത്തത്.

16 വർഷം മുമ്പ് മഹല്ല് ഭരണം കുതന്ത്രങ്ങളിലൂടെ എ.പി.വിഭാഗത്തിന്റെ കൈവശമായിരുന്നെങ്കിലും മദ്രസ സിലബസ് സമസ്തയുടേതായിരുന്നു. ശംസുൽ ഉലമയുടെ ജീവിത കാലത്ത് സിലബസ് മാറ്റാൻ ഭയപ്പെട്ടവർ ശംസുൽ ഉലമ മരണപ്പെട്ട് മൂന്ന് വർഷത്തിന് ശേഷം തന്ത്രപൂർവ്വം പെരുണ മിസ്ബാഹുൽ ഉലൂം മദ്രസ സിലബസ് മാറ്റാൻ പദ്ധതി ഇടുകയും തുടർന്ന് സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു.

സമസ്തയുടെ കേസ് ഏറ്റെടുത്ത് നടത്താൻ ഒരു വക്കീലും തയ്യാറാകാതിരുന്ന സമയത്ത് തളിപ്പറമ്പിലെ സീനിയർ അഭിഭാഷകനായിരുന്ന ഏതാനും വർഷം മുമ്പ് മരണപ്പെട്ട ശ്രീ.ഉണ്ണികൃഷ്ണൻ അതിന് തയ്യാറായി.

തളിപ്പറമ്പിലെ സമസ്തയുടെ അമരക്കാരനായ മർഹൂം പി.പി.എസ് മുല്ലക്കോയ തങ്ങളെ വീട്ടിലേക്ക് വിളിച്ചുവരുത്തി പെരുവണയിലെ സമസ്തയുടെ കേസ് ഞാൻ ഏറ്റെടുത്ത് നടത്തിക്കൊള്ളാം എന്ന് പറയുകയായിരുന്നു. സ്വപ്നത്തിൽ ശംസുൽ ഉലമ വന്ന് കേസിന്റെ നീക്കുപോക്കുകൾ പറഞ്ഞുകൊടുത്ത് വിവരിക്കുകയും ശംസുൽ ഉലമയുടെ ഫോട്ടോ കണ്ട് സ്വപ്നത്തിൽ കണ്ട ആളെ ഉറപ്പിക്കുകയും അവസാനം കേസ് വിജയിക്കുകയും ചെയ്തു. ഈ സ്വപ്ന ദർശനത്തോടു കൂടിയാണ് പെരുവണ മഹല്ല് കേരളത്തിൽ പരക്കെ ചർച്ച ചെയ്യപ്പെടുകയും അറിയപ്പെടുകയും ചെയ്തത്.

ശംസുൽ ഉലമയുടെ അനുഗ്രഹം ലഭിച്ച പ്രദേശമെന്ന ഖ്യാതി നിലനിർത്തികൊണ്ട് തന്നെയാണ് ഇപ്പോഴും പെരുവണക്കാരുടെ ജീവിതരീതിയും തുടരുന്നത്. ഈ അനർഘ നിമിഷങ്ങളെ അയവിറക്കിക്കൊണ്ട് പെരുവണ ശാഖ എസ്.കെ.എസ്.എസ്.എഫിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ബുധനാഴ്ച) രാത്രി 7 മണിക്ക് ശംസുൽ ഉലമ ആണ്ട് നേർച്ചയും കോട്ടുമല ബാപ്പുമുസ്ല്യാർ അനുസ്മരണവും നടക്കും. ജലീൽ റഹ്മാനി വാണിയന്നൂർ, അബ്ദുൾജലീൽ അസ്ഹരി ഷൊർണ്ണൂർ എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുക്കും. അന്നദാനത്തോടുകൂടി ആണ്ട് സമാപിക്കും.

advt.